# ദൈവവും മനുഷ്യനും

ബൈബിൾ രക്ഷയുടെ മാർഗ്ഗം ചൂണ്ടിക്കാണിക്കുന്നത് വ്യക്തവും സ്പഷ്ടവുമായിട്ടാണ്. സുനിശ്ചിതവും അനിഷേധ്യവുമായ ഒരു രക്ഷയെക്കുറിച്ച് ശക്തവും ആധികാരികവുമായി പ്രതിപാദിക്കുന്നതു തന്നെയാണ് ബൈബിളിനെ വിശേഷിപ്പിക്കുന്നതും മനുഷ്യഹൃദയങ്ങളിൽ അതിന്റെ സ്വാധീനശക്തിയുടെ രഹസ്യവും.

ബൈബിളിൽ ദൈവത്തെ വെളിപ്പെടുത്തേണ്ട വിധത്തിൽ വെളിപ്പെടുത്തുന്നു. പാപപങ്കിലവും പരിമിതികളുള്ളതുമായ മനുഷ്യബുദ്ധികൊണ്ട് ദൈവത്തെ കണ്ടെത്താൻ ശ്രമിച്ചാൽ അന്ധവിശ്വാസങ്ങളിലും, പരാജയത്തിലും മനുഷ്യൻ എത്തിച്ചേരുമെന്നും എന്നാൽ ദൈവത്തെക്കുറിച്ച് നാം ഗ്രഹിക്കുന്നതെന്നും ദൈവം വെളിപ്പെടുത്തിതരുന്ന സത്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം ആയിരിക്കേണം എന്നതുമാണ് അതിന്റെ പ്രഥമ പാഠം.

ദൈവാസ്തിത്വത്തിന് പ്രപഞ്ചവും മനഃസാക്ഷിയും ശക്തമായ തെളിവു നല്കുന്നു എന്ന് ബൈബിൾ പറയുന്നു. മാത്രമല്ല ദൈവ വചനത്തിലൂടെ ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തുകയും ചെയ്യുന്നു.

## പ്രകൃതി നല്കുന്ന സാക്ഷ്യം

ബൈബിൾ ഇപ്രകാരം പറയുന്നു:"അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടി മുതൽ മനുഷ്യന്റെ ബുദ്ധിക്ക് തെളിവായിരിക്കുന്നു"(റോമർ 1:20) . മഹാനായ എബ്രഹാം ലിങ്കൺ ഒരിക്കൽ പറഞ്ഞു: "ഭൂമിയിലേക്ക് നോക്കി ഭൗതികത മാത്രം കാണുന്ന ഒരുവൻ ദൈവത്തെ നിഷേധിച്ചു എന്നുവരാം. എന്നാൽ ഈ പ്രപഞ്ച സംവിധാനവും ഗ്രഹങ്ങളുടെ ഭ്രമണപഥ ക്രമീകരണവും കണ്ടിട്ട് ഒരുവൻ അതിന്റെ പിന്നിൽ ഒരു സൃഷ്ടാവില്ലെന്നു വാദിച്ചാൽ ആ യുക്തിയെ എന്റെ ബുദ്ധിക്ക് ഉൾക്കൊള്ളുവാൻ കഴിയുന്നതല്ല"

വിശ്വ കവിയായ ജോൺ മിൽട്ടൻ തന്റെ പ്രസിദ്ധമായ 'പറുദീസാ നഷ്ടം' എന്ന കാവ്യത്തിൽ,-ദൈവത്തിനെതിരെ തന്റെ സകല ശക്തിയും പ്രയോഗിക്കും എന്ന് അട്ടഹസിക്കുന്ന സാത്താനോട് മറുപടി പറയുന്ന ഒരു ഭാഗമുണ്ട്. അതിൽ' നീ ഊറ്റം കൊള്ളുന്ന ശക്തിയും ദൈവത്തിന്റെ ദാനമാണെന്ന വസ്തുത മറക്കരുത്' എന്ന ശാസനയാണ് കവി നല്കുന്നത്. ദൈവം ദാനമായി നല്കിയ ബുദ്ധിയും, യുക്തിയും ഉപയോഗിച്ച് ദൈവത്തെ തന്നെ നിഷേധിക്കുന്നതിനു പകരം ദൈവത്തിന്റെ കൈവേല ഈ പ്രപഞ്ചത്തിലൂടെ കാണുക. ആർക്കും അതിനെ നിഷേധിക്കാനാവില്ല.

മറ്റൊരു ബൈബിൾ വാക്യം പറയുന്നത്:"ദൈവം നന്മ ചെയ്യുകയും ആകാശത്തു നിന്ന് മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്ക് തരികയും ആഹാരവും, സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെ

ക്കുറിച്ച് സാക്ഷ്യം തരാതിരുന്നിട്ടില്ല" എന്നാണ്.

ബൈബിളിൽ ഇങ്ങിനെ കാണുന്നു:"ഈ കാണുന്ന ലോകത്തിന് ദൃശ്യമായതല്ല കാരണം എന്ന് വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു". (എബ്രയാർ 11:1)

ദൃശ്യമായി നാം കാണുന്ന പ്രപഞ്ചം നിർമ്മിക്കപ്പെടുവാനുള്ള മൂലകാരണം നമുക്ക് അദൃശ്യമായ സ്വർഗ്ഗം തന്നെയാണ്. ദൈവം തന്റെ വചനത്താൽ ഭൂമിയേയും ഭൂമണ്ഡലത്തേയും സൃഷ്ടിച്ചു. ഈ വസ്തുത വിശ്വാസത്താൽ മനുഷ്യന് ഉൾക്കൊള്ളുവാൻ കഴിയും.

വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞനായ ഐസക് ന്യൂട്ടന്റെ ജീവിതത്തിലെ ഒരു സംഭവത്തെക്കുറിച്ച് റോബർട്ട് ക്ലോവർ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്: ന്യൂട്ടന്റെ പഠന മുറിയിൽ സൗരയൂഥത്തിന്റെ ഒരു മാത്രക ഉണ്ടായിരുന്നു. ഓരോ ഗ്രഹവും അതാതിന്റെ ഭ്രമണപഥത്തിൽ ചലിക്കുന്ന വിധം അത് ക്രമീകരിക്കപ്പെട്ടിരുന്നു. അവിചാരിതമായി ആ മുറിയിലേക്ക് കടന്നുവന്ന ഒരു സുഹൃത്ത് ആ മാത്രക കണ്ട് ആശ്ചര്യത്തോടെ ഇങ്ങനെ ചോദിച്ചു. "ന്യൂട്ടൻ, ആരാണ് താങ്കൾക്ക് ഇത് ഇത്ര മനോഹരമായി നിർമ്മിച്ച് തന്നത്?. " ന്യൂട്ടൻ ഉടൻ പ്രതികരിച്ചു: " ഇത് ആരും സൃഷ്ടിച്ചതല്ല: പല കാലങ്ങളിലായി സ്വയം രൂപം കൊണ്ടതാണ്. എല്ലാറ്റിലും അത്ഭുതം ഒരു ദിവസം ഓരോ മാത്രകാഗ്രഹങ്ങളും അതാതിന്റെ ഭ്രമണപഥത്തിൽ പെട്ടെന്ന് ചലിക്കുവാൻ തുടങ്ങി എന്നതാണ്." സൃഷ്ടാവായ ദൈവത്തെക്കുറിച്ച് ചിന്തയില്ലാതെ നടന്ന ആ മനുഷ്യൻ ഒരു

സത്യാന്വേഷിയായി മാറാൻ അധികം സമയം വേണ്ടി വന്നില്ല.

ആകാശവിതാനം ദൈവത്തിന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു എന്ന് ബൈബിൾ പറയുന്നു.

പ്രപഞ്ചം അതിനെ ചമയിച്ച ഒരു സൃഷ്ടാവിനെക്കുറിച്ച് സാക്ഷ്യം നൽകുന്നു. അത് ബുദ്ധിക്കും, വിശ്വാസത്തിനും നിരക്കുന്നത് തന്നെയാണ്.

## മനഃസാക്ഷിയുടെ സാക്ഷ്യം

മനുഷ്യന്റെ മനഃസാക്ഷിയിലുള്ള നീതിബോധം ദൈവത്തെക്കുറിച്ച് ശരിയായ സാക്ഷ്യം നല്കുന്നു. മനുഷ്യൻ മൃഗത്തിൽ നിന്നും പരിണമിച്ച് വന്നു എന്ന് വാദിക്കുന്ന ശാസ്ത്രത്തിന് ഉത്തരം നല്കുവാൻ കഴിയാത്ത ഒരു ചോദ്യമുണ്ട്. മനുഷ്യന് ഈ നീതിബോധം എവിടെനിന്ന് കിട്ടി?. അതിന്റെ ഉത്ഭവം എവിടെനിന്ന്?. ഒരു മൃഗം കൊല്ലപ്പെട്ട് കിടക്കുന്നതു കാണുന്നതുപോലെയല്ല ഒരു മനുഷ്യനെ അതേ നിലയിൽ കാണുമ്പോൾ മനുഷ്യന്റെ പ്രതികരണം. അവന്റെ നീതിബോധം ഉണരുകയായി. ശരിയായ നീതി നിർവഹിക്കപ്പെടും വരെ അവന്റെ മനഃസാക്ഷിക്ക് സ്വസ്ഥതയില്ല. എന്നാൽ ഈ പ്രശ്നത്തിന് ബൈബിൾ ഉത്തരം നല്കുന്നു. സൃഷ്ടാവായ നീതിമാനായ ദൈവം താൻ സൃഷ്ടിച്ച മനുഷ്യന്റെ ഹൃദയത്തിൽ തന്റെ നീതിയുള്ള നിയമാവലി നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആരും പഠിപ്പിച്ചില്ലെങ്കിൽ പോലും മനഃസാക്ഷി നീതിയെക്കുറിച്ചുള്ള ഉൾബോധം മനുഷ്യന് നല്കിക്കൊണ്ടിരിക്കും.

ആന്തരികമായ തെളിവാണ് ഇവിടെ ചൂണ്ടിക്കാണിച്ചത് എന്നാൽ ബാഹ്യമായ ഒരു ഉദാഹരണം കൂടി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു.

ജന്മനാ തന്നെ അന്ധയും, ബധിരയും, മൂകയും ആയിരുന്നു ഹെലൻ കെല്ലർ. പിന്നീട് സ്വന്ത മായ പരിശ്രമങ്ങളാൽ ഉയർന്ന് ലോകത്തിലെ ശ്രേഷ്ഠ മഹതികളിൽ ഒരാളായിട്ടാണ് അവർ അറിഞ്ഞു വരു ന്നത്. കാണുവാനും, കേൾക്കുവാനും, സംസാരി ക്കുവാനും കഴിയാതെ-യാതൊരു ബാഹ്യചിന്തയുമി ല്ലാതെ മനസ്സ് ശൂന്യമായി കിടന്ന സമയത്ത്-ഒരു പ്രത്യേകനിലയിൽ അവരുമായി ആശയവിനിമയം നട ത്തുവാൻ ചിലർ ശ്രമിച്ചു. അതിന്റെ മദ്ധ്യേ ദൈവ ത്തെക്കുറിച്ച് ആരാഞ്ഞപ്പോൾ അതേ നിലയിൽ ഹെലൻ കെല്ലർ പ്രതികരിച്ചത്:"ദൈവമുണ്ടെന്നറിയാം" എന്നായിരുന്നു. മനുഷ്യനായി ജനിക്കുന്ന ഓരോരു ത്തരുടേയും മനഃസാക്ഷി ദൈവത്തെക്കുറിച്ച് സാക്ഷ്യം നല്കുന്നു. ചില വർഷങ്ങൾക്കുമുൻപ് നാഷ ണൽ ജോഗ്രഫിക്കൽ സൊസൈറ്റി അവരുടെ ഒരു പഠനകുറിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നതുപോലെ "വർണ്ണ വർഗ്ഗ വ്യത്യാസത്തോടെ ലോകത്തിന്റെ പല ഭാഗങ്ങളിലായി മനുഷ്യസമൂഹം ആയിരിക്കുന്നുവെ ങ്കിലും അവരിൽ പൊതുവായി കാണാവുന്ന ഒരു വസ്തുത, 'ദൈവത്തെക്കുറിച്ചുള്ള മനോബോധം' ആകുന്നു. "

**ദൈവം ദൈവത്തെ വെളിപ്പെടുത്തുന്നു**

ദൈവത്തെക്കുറിച്ച് ഊഹാപോഹമോ, സങ്കൽപങ്ങളോ അല്ല പകരം ദൈവത്തെ മനസ്സിലാ ക്കേണ്ട വിധത്തിലുള്ള വെളിപ്പാടാണ് ബൈബിൾ നല്കുന്നത്.

സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വജ്ഞാ നിയുമായ ദൈവം. 'ദൈവം ആത്മാവാകുന്നു' എന്ന തിൽ നിന്നും നന്മയുടേയും, ആത്മീക ഗുണലക്ഷണ

ങ്ങളുടേയും സമ്പൂർണ്ണത ദൈവത്തിലാണെന്നും. 'ദൈവം സ്നേഹം തന്നെ' ആകുന്നതിനാൽ പാപി യായ മനുഷ്യന് പ്രത്യാശയ്ക്ക് വകയുണ്ടെന്നും വെളി പ്പെടുത്തപ്പെട്ടിരിക്കുന്നു.

ദൈവം ആരാകുന്നു എന്ന ചോദ്യത്തിന്റെ മറു പടി വചനം ജഡമായി വന്ന യേശുക്രിസ്തുവിലൂടെ നല്കപ്പെട്ടിരിക്കുന്നു. സത്യദൈവത്തെക്കുറിച്ചുള്ള യഥാർത്ഥ പരിജ്ഞാനമില്ലാതെ ആത്മിക അന്ധകാ രത്തിന്റെ ആഴങ്ങളിൽ ആണ്ടുപോയ ലോകത്തോട് "ദൈവം ആത്മാവാകുന്നു" (യോഹന്നാൻ 4;24) എന്ന് അരുൾ ചെയ്ത യേശുക്രിസ്തു ദൈവത്തെ ലോക ത്തിന് വെളിപ്പെടുത്തി. (യോഹന്നാൻ 1:18) "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല എന്നാൽ ദൈവപുത്രനായ യേശുക്രിസ്തു ദൈവത്തെ വെളി പ്പെടുത്തി എന്ന് ബൈബിൾ പറയുന്നു.

അതിനാൽ ക്രിസ്തുവിലൂടെ സത്യദൈവ പരി ജ്ഞാനവും ആത്മരക്ഷയുടെ നിവർത്തിയും പ്രാപി ക്കുവാൻ കഴിയും.

യേശുക്രിസ്തു ലോകത്തിന് ദൈവത്തെ വെളിപ്പെ ടുത്തുക മാത്രമല്ല ചെയ്തത്. ദൈവവുമായി ബന്ധ പ്പെടുവാൻ തടസ്സമായ പാപത്തിന് പരിഹാരം വരു ത്തുകയും ചെയ്തു.

## ദൈവവും മനുഷ്യനും

ദൈവം നീതിമാനും പരിശുദ്ധനുമാണ്. എന്നാൽ മനുഷ്യൻ പാപം മുഖാന്തിരം കുറ്റക്കാരനും അശുദ്ധനുമാണ്. വ്യക്തമായ ദൈവീകബോധം വരു മ്പോൾ പോലും പാപ പരിഹാരത്തിനു വേണ്ടി മനു ഷ്യൻ പല മാർഗ്ഗങ്ങളും തിരയാറുണ്ട്. ചിലർ മനഃ ശാന്തിക്കു വേണ്ടി സ്വയം സൃഷ്ടിച്ച മാർഗ്ഗങ്ങളെ

അവലംബിക്കുന്നു. എന്നാൽ എന്താണ് യഥാർത്ഥ പാപപരിഹാരം?. കേവലം ചില തെറ്റുകളും തിന്മകളും ക്ഷമിച്ചുകിട്ടുക മാത്രമോ?. അങ്ങനെയല്ല എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. യഥാർത്ഥ പാപപരി ഹാരം പാപത്തിന്റെ രണ്ടുവിധ പ്രശ്നങ്ങളെ പരിഹ രിക്കുന്നതായിരിക്കണം. എന്താണ് പാപത്തിന്റെ രണ്ടുവിധ പ്രശ്നങ്ങൾ?.പാപം മനുഷ്യനെ നീതികെട്ട വനാക്കുന്നതിനാൽ മനുഷ്യൻ നീതിമാനായ ദൈവ ത്തിന്റെ മുമ്പാകെ കുറ്റക്കാരനാണ്. അതിനാൽ ശിക്ഷാർഹനാണ്. ഇത് പാപം ചെയ്യുന്ന ദോഷ ത്തിന്റെ ഒരു വശമാണെങ്കിൽ, മറുവശത്ത് മനുഷ്യൻ അതേ പാപത്താൽ തന്നെ അശുദ്ധനുമാണ്. അതി നാൽ പരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ നില്പാൻ അവന് കഴിയുകയില്ല. പാപത്തിന്റെ ഈ ഇരുവിധ ദോഷങ്ങൾക്കും ശാശ്വതമായ പരിഹാരം വരുമ്പോൾ മാത്രമേ മനുഷ്യൻ ആത്മ രക്ഷ നേടി എന്ന് ഉറപ്പാകുന്നുള്ളൂ. യേശുക്രിസ്തുവിന്റെ കാൽവറി ക്രൂശിലെ പ്രായശ്ചിത്താർത്ഥമായുള്ള പര മയാഗം മാത്രമെ പാപത്തിന്റെ ഈ ഇരുവിധ പ്രശ്ന ത്തെയും നേരിടുകയും പരിഹരിക്കയും ചെയ്തി ട്ടുള്ളൂ. ബൈബിളിന്റെയും അത് ഉദ്ഘോഷിക്കുന്ന സുവിശേഷത്തിന്റെയും ശക്തിയുടെ രഹസ്യവും അതാകുന്നു.

### എന്തുകൊണ്ട് ദൈവം മനുഷ്യന് രക്ഷാമാർഗ്ഗം ഒരുക്കി ?

മനുഷ്യൻ പാപം ചെയ്യുന്നത് ദൈവത്തോടാ കയാൽ ദൈവം മനുഷ്യനെ രക്ഷിച്ചെങ്കിൽ മാത്രമേ അത് രക്ഷയായി തീരുകയുള്ളൂ. ദൈവമേ, നിന്നോട് തന്നെ ഞാൻ പാപം ചെയ്തു" എന്ന ഒരു വ്യക്തി യുടെ പ്രാർത്ഥന ബൈബിളിൽ കാണുന്നുണ്ട്.

മനുഷ്യൻ തന്റെ സ്വയത്തോടും, മനുഷ്യനോടും, സ്വർഗ്ഗത്തോടും ചെയ്യുന്ന പാപം ഇതിനെല്ലാം കണക്കു തീർക്കേണ്ടത് ദൈവുമായിട്ടാണ്. മനുഷ്യൻ സ്വന്തമായ വഴികൾ സൃഷ്ടിച്ച് പാപപരിഹാരത്തിന് ശ്രമിക്കുന്നത് വ്യർത്ഥവും പരാജയവുമാണ്. പാപ ക്ഷമയ്ക്കും ആത്മരക്ഷയ്ക്കും ദൈവം രൂപപ്പെടു ത്തിയ വഴിയാണ് സ്വീകാര്യമാക്കേണ്ടത്. ദൈവ ത്തിനു മാത്രമേ മനുഷ്യനെ രക്ഷിക്കുവാൻ കഴിയുക യുള്ളു.

## രക്ഷയ്ക്ക് സപ്രവൃത്തികളുടെ അപര്യാപ്തത

ബൈബിൾ ആത്മരക്ഷയെ ദൈവനീതിയുടെ നിവർത്തീകരണവുമായി ബന്ധപ്പെടുത്തുന്നു. ഏക മനുഷ്യനാൽ പാപവും, പാപത്താൽ മരണവും ന്യായ വിധിയും നിയമിക്കപ്പെട്ടിരിക്കയാൽ ആ ന്യായവി ധിയെ തികെപ്പാനുള്ള ദൈവനീതി നിറവേറ്റപ്പെടുന്ന തിൽ മാത്രം രക്ഷയ്ക്കുള്ള വഴി ഉണ്ടായിരിക്കെ, ആ ദൈവനീതിയെ തികെപ്പാനുള്ള കഴിവ് പാപിയുടെ സ്വപ്രയത്നങ്ങൾക്കില്ല. ലോക പ്രകാരം തന്നെ ഒരു കുറ്റകൃത്യത്തിനു നേരെയുള്ള വിധി വന്നുകഴി ഞ്ഞാൽ യാതൊരു സൽകൃത്യങ്ങളാലും ആ വിധിയെ മാറ്റുവാൻ കഴിയാത്തതുപോലെ പാപത്താൽ കുറ്റ ക്കാരനായിരിക്കുന്ന മനുഷ്യന്റെ നേർക്ക് ദൈവം നൽകിയ നിത്യശിക്ഷയുടെ വിധി സ്വന്തമായ പരിശ്ര മങ്ങളാൽ മാറ്റുവാൻ അസാദ്ധ്യമാണ്. രണ്ടു പോംവ ഴികൾ മാത്രമെ ഇനി മനുഷ്യന്റെ മുന്നിൽ ഉള്ളു. ഒന്നു കിൽ ദൈവത്തെ അവിശ്വസിച്ച് പാപിയ്ക്ക് അർഹ മായ ന്യായവിധി അനുഭവിക്കുക. അല്ലെങ്കിൽ പാപിയെ സ്നേഹിച്ച് അവനുവേണ്ടി പ്രായശ്ചിത്തം അനുഭവിച്ച യേശുക്രിസ്തുവിൽ വിശ്വസിച്ച്, ദൈവ നീതി നിറവേറ്റി പാപക്ഷമയും ആത്മരക്ഷയും, നിത്യ ജീവനും സൗജന്യമായി പ്രാപിക്കുക.

## ക്രിസ്തു എന്ന രക്ഷകൻ

യേശുക്രിസ്തു ജഡത്തിൽ വന്നു എന്നുള്ളത് ഒരു ഇടർച്ചയായി തോന്നേണ്ട വിഷമയാമാകുന്നില്ല. ബൈബിൾ വ്യക്തമായി അതിന് മറുപടി നൽകുന്നുണ്ട്. " മനുഷ്യൻ നിമിത്തം മരണം ഉണ്ടായി" മനുഷ്യൻ മുഖാന്തിരം പാപവും, പാപത്താൽ മരണവും, ന്യായവിധിയും ഉണ്ടായി. ഈ ശാപം മാറ്റുവാൻ മനുഷ്യൻതന്നെ വരേണം. എന്നാൽ അതിന് കഴിയുന്ന അഥവാ ലോകത്തിന്റെ പാപം വഹിക്കുവാൻ യോഗ്യതയുള്ള പാപരഹിതനായ ഒരു മനുഷ്യൻ പോലും മാനവപരമ്പരയിൽ വരികയില്ല. ആകയാൽ ക്രിസ്തു സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്ക് വന്നു, ജഡം ധരിച്ച് മനുഷ്യനായി. ബൈബിൾ ക്രിസ്തുവിന്റെ അത്യുന്നത നിലയെ വിശേഷിപ്പിക്കുന്നത് പാപം ഒഴികെ നമുക്ക് തുല്യനായ മനുഷ്യൻ എന്നാണ്. തന്നെയുമല്ല പൂർണ്ണതയുള്ള ഏക മനുഷ്യൻ എന്ന നിലയിലാണ് ബൈബിൾ ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നത്. മനുഷ്യൻ ജഡരക്തങ്ങളോടു കൂടിയവൻ ആകയാൽ അവനെ രക്ഷിക്കേണ്ട രക്ഷകനും ജഡരക്തങ്ങളോടു കൂടിയവനായി വന്നു. ക്രിസ്തുവിൽ ഒരു വ്യക്തിയ്ക്ക് കണ്ടെത്താവുന്നത് പൂർണ്ണതയുള്ള, തികവുള്ള രക്ഷകനെയാണ്.

## രക്ഷ ക്രിസ്തുവിന്റെ മരണത്താൽ

ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്തെ പ്രവർത്തനങ്ങൾ ലോകത്തിന്റെ വിമോചകനാണ് താനെന്ന സത്യത്തെ സ്ഥിരീകരിക്കുന്നതായിരുന്നു. നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുമെന്ന ക്രിസ്തുവിന്റെ വെല്ലുവിളിയ്ക്ക് മറുപടി നൽകുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. എങ്കിലും

യഹൂദ തീവ്രവാദികൾ ക്രിസ്തുവിനെ കൊല്ലുവാൻ ഉദ്യമിച്ചു. പ്രവാചകന്മാർ മുമ്പുകൂട്ടി കണ്ട ആ ഭീകര നിമിഷത്തിലേയ്ക്ക് ക്രിസ്തു സ്വമനസ്സാലെ ഏൽപ്പിക്കപ്പെട്ടു. ക്രിസ്തുവിന്റെ ക്രൂശീകരണ നിമിഷം -മാനവ ചരിത്രത്തിലെ ഏറ്റവും വൈരുദ്ധ്യപൂർണ്ണമായ വിധി പ്രഖ്യാപനം അന്ന് നടത്തിയ റോമൻ ന്യായാസനം - ഒരു വശത്ത് നിരപരാധി എന്ന പ്രഖ്യാപനവും മറുവശത്ത് കൊല്ലുവാനുള്ള വിധിയും. ക്രിസ്തുവിന് നീതി ലഭിക്കാതെ പോയെങ്കിലും പാപിക്ക് തന്റെ മരണത്താൽ ദൈവനീതി നിറവേറപ്പെടുമെന്നതിനാൽ താൻ മൗനമാചരിച്ച നിമിഷങ്ങൾ. പാപി സ്വർഗ്ഗത്താൽ സ്വീകരിക്കപ്പെടേണ്ടതിന് ക്രിസ്തു ക്രൂശിൽ കൈവിടപ്പെടുവാൻ ഏൽപ്പിച്ചുകൊടുത്ത മണിക്കൂറുകൾ. അല്പസമയത്തേയ്ക്ക് ആ താഴ്ചയിലൂടെ രക്ഷകൻ കടന്നുപോയതാണ് അവഗണിക്കുവാനാവാത്ത രക്ഷയുടെ വഴി തുറന്നു തന്നത്.

നോക്കുക, ക്രിസ്തുവിന്റെ മരണത്തിന്റെ പ്രത്യേകതകൾ. ലോകത്തിൽ എത്രയോ ആയിരങ്ങൾ മരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ മരണത്തെ പരാമർശിക്കുമ്പോൾ ഒരു മരണം ഉണ്ടായി എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്.

ഒന്ന്, മാനവരാശിയുടെ തികവുള്ള രക്ഷകനായി കടന്നുവന്ന ഏകമനുഷ്യന്റെ പ്രായശ്ചിത്ത മരണം.

രണ്ട്, മരണത്തിന്റെ അധികാരിയായ സാത്താനെ തകർത്ത മരണം.

മൂന്ന്, ക്രിസ്തുവിന്റെ മരണം മരിക്കേണ്ടാത്തവന്റെ മരണം ആയിരുന്നു. പാപത്തിന് അധീനനായ മനുഷ്യൻ സ്വർഗ്ഗീയ നിയമപ്രകാരം മരിക്കേണ്ടവനാണ്. എന്നാൽ പാപത്തിനതീതനായിരുന്ന ക്രിസ്തു

മരിക്കേണ്ടാത്തവനായിരുന്നു. ഇന്ന് സുവിശേഷം ലോകത്തിന്റെ ഏതു കോണുകളിലും പ്രസംഗിക്കപ്പെടുമ്പോൾ അത് പ്രഖ്യാപനം ചെയ്യുന്ന ഒരു മഹൽ സത്യം മരിക്കേണ്ടാത്തവൻ മരിച്ചതിനാൽ മനുഷ്യന്റെ മരണം നീങ്ങുവാൻ ഹേതുവുണ്ടായി എന്നതാണ്.

നാല്. ക്രിസ്തുവിന്റെ മരണം തന്നിൽ വിശ്വസിക്കുന്നവർക്ക് ജീവൻ നൽകുവാൻ കഴിയുന്ന മരണം അത്രെ. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും ആത്മികാർത്ഥത്തിൽ തന്നോടുകൂടെ മരിച്ച് ശിക്ഷയിൽ നിന്നുള്ള വിടുതലും അവിടുത്തെ ഉയർപ്പിലും പങ്കാളിയായി ദൈവിക ജീവൻ പ്രാപിക്കുകയും ചെയ്യുന്നു. ആ ആത്മിക ജീവനിൽ നിന്നാണ് ആത്മരക്ഷ യാഥാർത്ഥ്യമാകുന്നത്.

ചരിത്രത്തിലെ പല വിമോചന മാർഗ്ഗങ്ങളും രക്തച്ചൊരിച്ചിലുമായി ബന്ധപ്പെട്ടതാണ്. എന്നാൽ മനുഷ്യനെ പൈശാചിക അടിമത്തത്തിൽ നിന്ന് വിമോചിപ്പിക്കുവാൻ ആരും രക്തം ചൊരിഞ്ഞിട്ടില്ല. അത് ആരാലും അസാദ്ധ്യവുമായിരുന്നു. എന്നാൽ നീതിയെ നിറവേറ്റുന്നവിധം ക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ മനുഷ്യന് ആത്മിക സ്വാതന്ത്ര്യം നേടിക്കൊടുത്തു. പാപത്തിന്റെ പ്രശ്നം പരിഹരിക്കുവാൻ എത്രമാത്രം വില കൊടുക്കേണ്ടിയിരുന്നുവോ ആ വിലയായി തന്റെ പരിശുദ്ധമായ ജീവദായകമായ രക്തം ഊറ്റികൊടുത്തു. പാപിയുടെ വീണ്ടെടുപ്പ് നിർവഹിച്ചിരിക്കുന്നത് പൊന്നുകൊണ്ടും വെള്ളികൊണ്ടും അല്ല. ക്രിസ്തുവിന്റെ നിഷ്ക്കളങ്കവും അമൂല്യവുമായ രക്തത്താലാണ് എന്ന് ബൈബിൾ പറയുന്നു. പാപിക്കുവേണ്ടി ചോര ചിന്തിയ ക്രിസ്തുവിനെ തള്ളികളയുന്നവർ എത്ര വലിയ രക്ഷയാണ് അവഗണിക്കുന്നത്?.

## രക്ഷയുടെ പ്രഖ്യാപനം പുനരുത്ഥാനത്താൽ

ക്രിസ്തുവിനെ ക്രൂശിച്ചുകൊന്നപ്പോൾ ഇരുളിന്റെ ശക്തികൾ ആർത്തട്ടഹസിച്ചു കാണും. തന്റെ വാഗ്ദത്തങ്ങൾ എവിടെ?. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന അവകാശവാദങ്ങൾ എവിടെ?. എന്നാൽ ക്രൂശിൽ സംഭവിച്ചതെന്താണെന്ന ചോദ്യത്തിന് ബൈബിൾ ഈ മറുപടിയാണ് നൽകുന്നത്: "വാഴ്ചകളേയും അധികാരങ്ങളെയും ആയുധ വർഗ്ഗം വെപ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി". പാപിക്കുവേണ്ടി മരണം ഏറ്റുകൊണ്ടെങ്കിലും മൂന്നാം നാൾ നസറയനായ യേശുക്രിസ്തു കല്ലറകളെ ഭേദിച്ച് ഉയിർത്തെഴുന്നേറ്റു. രക്തചൊരിച്ചിലാലുള്ള മരണത്താൽ നിവർത്തിക്കപ്പെട്ട രക്ഷയുടെ പ്രഖ്യാപനം പുനരുത്ഥാനത്തിലാണ്. ആ വിജയ പ്രഖ്യാപനമാണ് സുവിശേഷം. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം എന്ന് ബൈബിൾ പറയുന്നു. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്ന വാഗ്ദത്തം പുനരുത്ഥാനത്തിലൂടെ യാഥാർത്ഥ്യമായി. യേശുക്രിസ്തുവിന്റെ മരണ, അടക്ക, പുനരുത്ഥാനത്തിനു ശേഷം സുവിശേഷം എന്ന മഹാനദി ഭൂലോകത്തിന്റെ വിരിമാറിലൂടെ ഒഴുകുവാൻ തുടങ്ങുകയും അതിന്റെ ഇരുകരയിൽ നിന്നും അനേകായിരങ്ങൾ ജീവജലം സമൃദ്ധിയായി കോരി പാനം ചെയ്ത് നിത്യജീവൻ സൗജന്യമായി പ്രാപിക്കുകയും ചെയ്യുന്നു. ഒരു ജഡത്തിനും നിഷേധിക്കുവാൻ കഴിയാത്തവിധം സമ്പൂർണ്ണതയോടെ ഒരുക്കപ്പെട്ട രക്ഷ. പുനരുത്ഥാനത്തിന്റെ ജീവനും, ചൈതന്യവും ശക്തിയും വ്യാപരിക്കുന്ന മഹത്തായ രക്ഷ യേശുക്രിസ്തുവിനെ

കർത്താവും രക്ഷകനുമായി ഹൃദയപൂർവ്വം വിശ്വാസത്തോടെ സ്വീകരിക്കുന്ന ആരേയും പുതിയ മനുഷ്യനാക്കുന്നു.

## രക്ഷ വിശ്വാസത്താൽ

കനത്ത വില നൽകി ഒരുക്കപ്പെട്ടതെങ്കിലും ഈ വലിയ രക്ഷ ഏതു മനുഷ്യനും പ്രാപിക്കാവുന്ന വിധത്തിൽ ലളിതവും സൗജന്യവുമായി വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു. ആർക്കും പ്രാപിക്കാവുന്ന രക്ഷ, അവിശ്വാസത്താലും, അനുസരണക്കേടിനാലും പാപിയായി തീർന്ന മനുഷ്യൻ വിശ്വാസത്താൽ തന്നേ യഥാസ്ഥാനപ്പെടേണം. ആകാശം ഭൂമിയ്ക്ക് മീതേ ഉയർന്നിരിക്കുന്നതുപോലെ മനുഷ്യനോടുള്ള തന്റെ ദയ വലുതായിരിക്കയും മാനവലംഘനങ്ങളെ എന്നേക്കുമായി അകറ്റുവാൻ ആഗ്രഹിക്കുന്ന മഹാദൈവം സകല മനുഷ്യരും ഈ രക്ഷാപൂർത്തിയിലേയ്ക്ക് വരുവാൻ ഇച്ഛിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ട്. ഇത് സ്വർഗ്ഗം നൽകുന്ന ഉറപ്പാണ്. മനുഷ്യൻ തന്റെ വാക്കിൽ നിന്നു മാറിപ്പോകും. എന്നാൽ ഈ അഖിലാണ്ഡത്തിന്റെ സൃഷ്ടാവ് താൻ പറഞ്ഞതിൽ നിന്നും മാറിപ്പോകയില്ല. " യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽപ്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. " (റോമർ 10:9) ആർക്കും നീക്കുവാൻ കഴിയാത്ത ഈ രക്ഷയുടെ വാക്കിൽ ആശ്രയിക്കുക. നാം ഓരോരുത്തരായി ഈ ലോകത്തേക്ക് വന്നു. നാം ഓരോരുത്തരായി ദൈവമുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടവരാണ് എന്ന് ബൈബിൾ പറയുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ സ്വായത്തമാക്കേണ്ടതും

വ്യക്തിപരമായിരിക്കേണം.

നിങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി ചിന്തിക്കുക. കർത്താവായ യേശുക്രിസ്തുവിന് രക്ഷിപ്പാൻകഴിയുന്നതിനപ്പുറമായി നിങ്ങളുടെ സ്ഥിതിയോ പാപത്തിന്റെ ഭീകരതയോ ആയിരിക്കുന്നില്ല എന്ന് ഓർക്കുക. ഇത്ര വലിയ രക്ഷയെ അഗണ്യമാക്കരുത്.

"ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?" ബൈബിൾ ചോദിക്കുന്നു.

ഒന്ന്, ഇത് ദൈവ സന്നിധിയിൽ നിന്നുമുള്ള മുന്നറിയിപ്പാണ്. മനുഷ്യൻ പാപം ചെയ്തതിന് ദൈവം തന്നെ പ്രായശ്ചിത്തവില നല്കി രൂപപ്പെടുത്തിയ രക്ഷ അവഗണിച്ചാൽ ഇനി പാപിയുടെമേൽ നരകവിധിയുടെ നീതി മാത്രമേ നിറവേറുകയുള്ളൂ. അത് ഒരു വ്യക്തിയ്ക്കും താങ്ങാൻ കഴിയുന്നതിനപ്പുറമായിരിക്കും. ഇത്ര വലിയ രക്ഷ അവഗണിക്കുന്ന മനുഷ്യന്റെ ഭോഷത്വത്തെ ബൈബിൾ ശാസിക്കുന്നു.

രണ്ട്, ഇത് ദൈവ സ്നേഹത്തിന്റെ ആഹ്വാനമാണ്. ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെടുമ്പോൾ മാത്രമേ ദൈവത്തിന്റെ വലിയ രക്ഷയെ ദർശിക്കുവാൻ കഴിയുകയുള്ളൂ. ഹൃദയത്തെ വിനയപ്പെടുത്താത്തിടത്തോളം ഹൃദയ ദൃഷ്ടി പ്രകാശിക്കപ്പെടുകയില്ല. വ്യക്തമായ പാപബോധവും, ന്യായവിധിയുടെ ഭീകരതയും, രക്ഷയുടെ മഹത്വവും മനസ്സിലാക്കുമ്പോഴാണ് ഹൃദയം വിനയപ്പെടുന്നത്.

ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും? ആർ നിങ്ങൾക്കു വേണ്ടി ഇനി പ്രായശ്ചിത്തയാഗമായി തീരും? ആർ നിങ്ങൾക്കു വേണ്ടി ഇനി രക്തം ചീന്തും?

ഇനി ആർ നിങ്ങളുടെ പാപങ്ങളെയും വഹിച്ച് കൊണ്ട് കുരിശിന്മേൽ കയറും? നിങ്ങൾ മരിക്കേണ്ട സ്ഥാനത്ത് ഇനി ആർ നിങ്ങൾക്കായി മരണം അനുഭവിക്കും?

ജോൺ ബനിയന്റെ വിശ്വപ്രസിദ്ധമായ 'പരദേശി മോക്ഷയാത്ര' എന്ന കൃതിയിൽ ഒരു മനുഷ്യന്റെ കഥ പ്രതീകാത്മകമായി വിവരിക്കുന്നുണ്ട്. ഒരു വലിയ ഭാണ്ഢക്കെട്ടും ചുമലിൽ വഹിച്ച് അതിന്റെ അതീവ ഭാരത്താൽ നിവരുവാൻ കഴിയാതെ മെല്ലെ നടന്നു വരുന്ന ഒരു മനുഷ്യൻ. പാപം ഒരുവനെ എത്രമാത്രം ഭാരപ്പെടുത്തുന്നു എന്നതിന്റെ പ്രതീകമാണ് ആ വ്യക്തി. അയാൾ ദൂരെ ഒരു മലയും ഉയർത്തപ്പെട്ട ഒരു കുരിശും കാണുന്നു. അതിന്റെ അർത്ഥം മനസ്സിലാകാതെ വിഷമിച്ചു നിൽക്കുമ്പോൾ അതുവഴി കടന്നു വന്ന ഒരു സുവാർത്താ പ്രഘോഷകൻ അതിന്റെ അർത്ഥം വിവരിച്ചുകൊടുക്കുന്നു. "നിന്റെ പാപ പരിഹാരത്തിനായി കുരിശിൽ മരിച്ച യേശുക്രിസ്തുവിൽ വിശ്വസിക്ക" എന്ന ആഹ്വാനവും ഒടുവിൽ നൽകി. ആ മനുഷ്യൻ ക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. മറ്റൊരു പോംവഴിയും ആ വ്യക്തിക്ക് അവശേഷിക്കുന്നുണ്ടായിരുന്നില്ല. ആ ക്ഷണം തന്റെ ചുമലിൽ ഭാരമായിരുന്ന ഭാണ്ഢക്കെട്ട് താഴെ വീണു. അയാൾ നിവർന്നു നിന്നു. യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ പ്രാപിക്കാവുന്ന ആത്മരക്ഷയുടേയും, പാപക്ഷമയുടേയും, ദിവ്യസമാധാനത്തിന്റേയും അനുഗ്രഹം എത്രമാത്രം വലുതായിരിക്കുന്നു!

ഇതാ രക്ഷകനായ ക്രിസ്തു നിങ്ങളുടെ മുന്നിൽ നിൽക്കുന്നു. പ്രാണരക്ഷാർത്ഥം ശരണത്തിനായി ഓടി വരുന്നവരെ ഒരിക്കലും തള്ളിക്കളയാത്ത

രക്ഷകൻ. തന്നിൽ വിശ്വസിക്കുന്ന നിമിഷം മുതൽ നിത്യതയോളവും സുരക്ഷിതമായ ഭാവിയുടെ പ്രത്യാശ നല്കുന്ന കർത്താവ്. ആ രക്ഷകനായി ഹൃദയം സമർപ്പിക്കുക.

ദൈവവും മനുഷ്യനുമായി പാപത്താൽ വന്ന അകൽച്ച തന്റെ പരമയാഗത്തിലൂടെ പരിഹരിച്ച യേശുക്രിസ്തുവിനെ കർത്താവും സ്വന്തരക്ഷിതാവുമായി ഹൃദയത്തിൽ വിശ്വാസത്താൽ സ്വീകരിക്കുക.

---

കൂടുതൽ വിവരങ്ങൾക്ക് :


**Sunny Thomas**
Post Box : 2215
Sasthamangalam
Trivandrum - 695010

**email : info@sunnythomas.org**
**www.sunnythomas.org**